**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ പഞ്ചായത്ത് – 2018-19 വർഷത്തെ ക്യൂ ബിൽ തുക അനുവദിക്കാത്തതിനെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകുമെന്ന ഭരണ സമിതി തീരുമാനം തൽക്കാലത്തേയ്ക്ക് നിർത്തി വച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1328/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 28/06/2019

---

പരാമർശം:-
1. 15.05.2019 ലെ സ.ഉ(സാധാ)നം.990/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 28.05.2019 ലെ 1(4) നമ്പർ തീരുമാനം.
3. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.05.2019 ലെ വിയോജനക്കുറിപ്പ്.
4. മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 13.06.2019 ലെ 1-ാം നമ്പർ തീരുമാനം.
5. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.06.2019 ലെ ജി2-4800/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ മാർച്ച് 31 – ന് മുമ്പ് പ്രവൃത്തി പൂർത്തിയാക്കിയ 24,01,73,975/- രൂപയുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് അനുവദിച്ചില്ല. ക്യൂവിലേക്ക് മാറ്റിയ ഈ ബില്ലുകൾ 2019-20 വർഷത്തെ ബജറ്റ് വിഹിതത്തിൽ കുറവ് ചെയ്ത് മാറ്റിയെടുക്കാവുന്നതാണ് എന്ന് പരാമർശം 1 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചു. ഇത് പഞ്ചായത്തിന്റെ 2019-20 – ലെ പദ്ധതി പ്രവർത്തനങ്ങൾക്ക് തടസ്സമാകുമെന്നതിനാൽ മേൽ പറഞ്ഞ സർക്കാർ നിർദ്ദേശത്തിനെതിരേ ബഹു. ഹൈക്കോടതിയെ സമീപിക്കുന്നതിനായി പഞ്ചായത്ത് പരാമർശം 2 പ്രകാരം തീരുമാനമെടുത്തു. ഇതിനെതിരെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം 3 പ്രകാരം വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയുണ്ടായി. പരാമർശം 4 പ്രകാരം ഭരണസമിതി യോഗം ചേരുകയും സെക്രട്ടറിയുടെ അഭിപ്രായം തള്ളുകയും നിയമ നടപടിയുമായി മുന്നോട്ട് പോകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പരാമർശം 5 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുടർനടപടിക്കായി ആവശ്യപ്പെട്ടുകൊണ്ട് മേൽ തീരുമാനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിനെതിരെ നിയമനടപടി സ്വീകരിക്കുക എന്നത് പഞ്ചായത്തിന്റെ അധികാരസീമ ലംഘിക്കുന്നതായതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് 191 (4) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 28/05/2019 -ലെ ഭരണ സമിതി യോഗത്തിലെ 1(4) -ാം നമ്പർ തീരുമാനം താൽക്കാലികമായി നിർത്തി വയ്ക്കുന്നതിന് ഉത്തരവാകുന്നു.

പഞ്ചായത്ത് ഡയറക്ടർ ഈ വിഷയം വിശദമായി പരിശോധിച്ച്, 15 ദിവസങ്ങൾക്കകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
അനീഷ്.റ്റി,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Ramadas.

സെക്ഷൻ ഓഫീസർ